**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3391** **15-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്കൂളുകളിൽ പി. ടി. എ യുടെ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക - രക്ഷാകർത്തൃ സമിതിയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പി.ടി.എ. യ്ക്ക് സർക്കാർ സ്കൂളുകളുടെ ഏതെല്ലാം ദൈനംദിന കാര്യങ്ങളിലാണ് ഇടപെടാൻ അധികാരമുള്ളതെന്നും ഏതെല്ലാം കാര്യങ്ങളിൽ ഇടപെടാനുള്ള അധികാരമില്ലായെന്നും അറിയിക്കാമോ; പി.ടി.എ. യുടെ അമിതമായതും അധികാരമില്ലാത്തതുമായ വിഷയങ്ങളിലെ ഇടപെടലുകൾ ചില സർക്കാർ സ്കൂളുകളിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കാമോ; | (എ) | 25.06.2007 ലെ സ.ഉ(എം.എസ്) നം.126/2007/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകത്തൃ സമിതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി ,കുട്ടികളുടെ നന്മക്കായി രക്ഷാകർത്താക്കളും അധ്യാപകരും തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുക, നല്ലൊരു സ്കൂൾ അന്തരീക്ഷം വളർത്തി എടുക്കുന്നതിനായി സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ ഉന്നമനത്തിനായി ശ്രമിക്കുക,സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുക എന്നീ കാര്യങ്ങൾ ആണ് പി.ടി.എ യുടെ പ്രധാന ചുമതലകൾ, സ്കൂളുകളുടെ ദൈനം ദിന കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള അധികാരം പി.ടി.എ യ്ക്ക നൽകിയിട്ടില്ല. |
| (ബി) | അദ്ധ്യാപകരല്ലാത്ത പി.ടി.എ. ഭാരവാഹികൾ ചില സർക്കാർ സ്കൂളുകളിൽ വടിയുമായി വിദ്യാർത്ഥികളുടെ അച്ചടക്കകാര്യങ്ങളിൽ ഇടപെടുന്നത് പരിശോധിക്കുമോ; ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ഏന്തെങ്കിലും സർക്കുലർ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സർക്കുലർ ഇറക്കുന്നതിന് സർക്കാർ തയ്യാറാകുമോ;വിശദമാക്കാമോ? | (ബി) | പി.ടി.എ ഭാരവാഹികൾ വിദ്യാർത്ഥികളുടെ അച്ചടക്ക കാര്യങ്ങളിൽ അനാവശ്യ ഇടപെടലെന്തെങ്കിലും നടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടില്ല. ഇത്തരം പരാതികൾ ലഭ്യമായാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ